## കണ്ണൂർ സർവ്വകലാശാല

## (പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2025 കെ. യു എച്ച്ക്യൂ., തീയതി 18.09.2026

## പ്രസിദ്ധീകരണത്തിന്

## യുജി സ്പെഷ്യൽ പരീക്ഷാ വിജ്ഞാപനം

പരീക്ഷാ സമയക്രമം മാറ്റിയതിനാൽ പരീക്ഷ എഴുതുവാൻ സാധിക്കാതിരുന്ന വിദ്യാർത്ഥികൾക്കുള്ള നാല്, രണ്ട് സെമസ്റ്റർ ബിരുദ (സി ബി സി എസ് എസ് -ഒ ബി ഇ - സപ്ലിമെന്ററി / ഇമ്പ്രൂവ്മെന്റ് -2020 മുതൽ 2023 വരെ പ്രവേശനം ) **സ്പെഷ്യൽ പരീക്ഷ** ഏപ്രിൽ 2026 ന്റെ വിജ്ഞാപനം പുറപ്പെടുവിച്ചു . **നാലാം സെമസ്റ്റർ** പരീക്ഷ 2026 **സെപ്തംബർ 29** നും **രണ്ടാം സെമസ്റ്റർ** പരീക്ഷ **സെപ്തംബർ 30** നും നടക്കുന്നതാണ്. പരീക്ഷയ്ക്ക് പ്രത്യേകം രജിസ്റ്റർ ചെയ്യേണ്ടതില്ല . നേരത്തെ രജിസ്റ്റർ ചെയ്ത പേപ്പറുകളിൽ ആദ്യത്തെ പേപ്പറിന് മാത്രമാണ് അവസരം നൽകുന്നത്. ഹാൾ ടിക്കറ്റ് **24.09.2026**ന് അനുവദിക്കുന്നതാണ്. വിജ്ഞാപനം സർവകലാശാലയുടെ വെബ്സൈറ്റിൽ ലഭ്യമാണ് .

## പരീക്ഷ മാറ്റി

**18.09.2026** (**വെള്ളി**) നടത്താനിരുന്ന **നാലാം** സെമസ്റ്റർ ബിരുദ (പ്രൈവറ്റ് രജിസ്ട്രേഷൻ ) റെഗുലർ /സപ്ലിമെന്ററി /ഇംപ്രൂവ്മെന്റ് ഏപ്രിൽ 2026 പരീക്ഷകൾ **23.09.2026 ( ബുധൻ** ) തീയ്യതിയിലേക്ക് മാറ്റി. പരീക്ഷ സമയം ഉച്ചയ്ക്ക് **1.30 മുതൽ 3.30** മണി വരെ (സപ്ലിമെന്ററി /ഇംപ്രൂവ്മെന്റ് - **1.30** മുതൽ **4.30** വരെ )

## പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷാ വിജ്ഞാപനം

1. **04.11.2026** ന് ആരംഭിക്കുന്ന പ്രൈവറ്റ് രജിസ്ട്രേഷൻ **രണ്ടാം** സെമസ്റ്റർ ബിരുദം (എഫ് വൈ യു ജി പി പാറ്റേൺ- 2025 അഡ്മിഷൻ - റെഗുലർ/ 2024 അഡ്മിഷൻ - സപ്ലിമെന്ററി /ഇമ്പ്രൂവ്മെന്റ് ) ഏപ്രിൽ 2026 പരീക്ഷകളുടെ സ്റ്റുഡൻറ് രജിസ്ട്രേഷൻ **18.09.2026** മുതൽ **28.09.2026** വരെയും, പരീക്ഷ രജിസ്ട്രേഷൻ **01.10.2026** മുതൽ **12.10.2026** വരെ പിഴയില്ലാതെയും **14.10.2026** വരെ പിഴയോടുകൂടിയും അപേക്ഷ സമർപ്പിക്കാം.
2. **04.11.2026** നു ആരംഭിക്കുന്ന പ്രൈവറ്റ് രജിസ്ട്രേഷൻ **രണ്ടാം** സെമസ്റ്റർ ബി എ / ബി കോം /ബിബിഎ ബിരുദ സപ്ലിമെന്ററി / ഇമ്പ്രൂവ്മെന്റ് (202-2023 അഡ്മിഷൻസ് ) ഏപ്രിൽ 2026 പരീക്ഷകളുടെ ഓൺലൈൻ

രജിസ്ട്രേഷൻ **23.09.2026** മുതൽ **05.10.2026** വരെ പിഴയില്ലാതെയും, **08.10.2026** വരെ പിഴയോടുകൂടിയും അപേക്ഷ സമർപ്പിക്കാം.
പരീക്ഷാ വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ് .

## രണ്ടാം സെമസ്റ്റർ ഡഫിഷ്യൻസി ക്രെഡിറ്റ് പരീക്ഷാഫലം

അഫിലിയേറ്റഡ് കോളേജുകളിലെ എഫ് വൈ യു ജി പ്രോഗ്രാമുകളുടെ രണ്ടാം സെമസ്റ്റർ ഡഫിഷ്യൻസി ക്രെഡിറ്റ് പരീക്ഷ ഏപ്രിൽ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു .പരീക്ഷാഫലം കെ -റീപ്പ് ലോഗിനിലും വിദ്യാർഥികളുടെ മൊബൈൽ ആപ്പിലും ലഭ്യമാണ് .

പുനഃ പരിശോധന /സൂക്ഷ്മപരിശോധന/ഫോട്ടോകോപ്പി എന്നിവയുടെ അപേക്ഷകൾ 01/10/2026 തീയതി വൈകുന്നേരം അഞ്ചുമണിവരെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

## ബി എ എൽ എൽ ബി പരീക്ഷാഫലം

**നാലാം സെമെസ്റ്റർ ഇന്റഗ്രേറ്റഡ് ബി എ എൽ എൽ ബി റെഗുലർ 2024 അഡ്മിഷൻ, സപ്ലിമെന്ററി 2023 അഡ്മിഷൻ / ബി എ എൽ എൽ ബി സപ്ലിമെന്ററി - 2016 - 2022 അഡ്മിഷൻ മെയ് 2026** പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരക്കടലാസിൻ്റെ പുനഃപരിശോധനയ്ക്കും സൂക്ഷ്മപരിശോധനയ്ക്കും ഫോട്ടോക്കോപ്പിക്കുമുള്ള അപേക്ഷകൾ 01/10/2026, വൈകുന്നേരം 5 മണിവരെ സർവകലാശാലയിൽ സ്വീകരിക്കും.

## ഇന്റഗ്രേറ്റഡ് എം.എസ്.സി പരീക്ഷാഫലം

ഇന്റഗ്രേറ്റഡ് എം.എസ്.സി ഇൻ കമ്പ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേർണിങ്ങ് പ്രോഗ്രാമിന്റെ എട്ടാം സെമസ്റ്റർ ഏപ്രിൽ 2026 (റെഗുലർ /സപ്ലിമെന്ററി /ഇംപ്രൂവ്മെന്റ് ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. ഉത്തരക്കടലാസ് പുനർ മൂല്യനിർണ്ണയം/സൂക്ഷ്മ പരിശോധന/പകർപ്പ് ലഭ്യമാക്കൽ എന്നിവക്കുള്ള അപേക്ഷകൾ 01.10.2026, 05 മണി വരെ ഓൺലൈൻ ആയി സ്വീകരിക്കുന്നതാണ്.

ഒപ്പ് / -

അസിസ്റ്റന്റ് രജിസ്ട്രാർ 1

പരീക്ഷാവിഭാഗം